JPM Journal for Multidisciplinary Research
E-ISSN: Volume I Issue I January 2024

# ആധുനികതയും സ്വത്വപ്രതിസന്ധിയും മയ്യഴിപ്പുഴയുടെ തീരങ്ങളിൽ -ഒരു പഠനം

പ്രിയാമോൾ സി. ഡി.
അസിസ്റ്റന്റ് പ്രൊഫസർ , ജെ. പി. എം. കോളേജ് ലബ്ബക്കട
റോബിൻ ജോർജ്
അസിസ്റ്റന്റ് പ്രൊഫസർ , ജെ. പി. എം. കോളേജ് ലബ്ബക്കട

*പ്രബന്ധസംഗ്രഹം*

കലയിലും സാഹിത്യത്തിനും ശക്തമായ പ്രതിഫലനങ്ങളുണ്ടാക്കിയ പ്രസ്ഥാനമായിരുന്നു ആധുനികത. ലോകമൊട്ടാകെ ആധുനികതയുടെ ഉപോല്പന്നമായി രൂപപ്പെട്ട, മാറിയ ജീവിതാവസ്ഥകൾ കലയിലും സാഹിത്യത്തിലും ഉണ്ടാക്കിയ സ്വാധീനങ്ങൾ വിപുലമായിരുന്നു.

നവീനമായ ജീവിതാവസ്ഥകൾ മാറിയ ചിന്താധാരകൾ, മനുഷ്യബന്ധങ്ങളിൽ സംഭവിച്ച വിടവുകൾ, മതാത്മകമായ മൂല്യബോധത്തിന് പകരമായി ശാസ്ത്രീയ ചിന്തകളുടെ വ്യാപനം, മന:ശാസ്ത്രരംഗത്തുണ്ടായ പുത്തൻ സമീപനങ്ങൾ എന്നിവയെല്ലാം ചേർന്ന് ആധുനിക മനുഷ്യനിൽ സൃഷ്ടിച്ച ഒരു മാറ്റം അസ്തിത്വ പ്രതിസന്ധിയായി വളരുകയായിരുന്നു.

സ്വത്വപരമായപ്രതിസന്ധി അനുഭവിക്കുന്ന നായക കഥാപാത്രങ്ങൾ , ഇച്ഛാഭംഗം പ്രകടിപ്പിക്കുന്ന നിസ്വരായ മനുഷ്യർ ലോകത്തിനു മുമ്പിൽ പകച്ചുനിൽക്കുന്ന നിരാശാപരിതരായ ഒറ്റപ്പെട്ട വ്യക്തികൾ, ,മരണാഭിമുഖ്യവും പലായന പ്രവണതയും അരാജകബോധവും ഈ നായകന്മാരിൽ കാണാൻ കഴിഞ്ഞിരുന്നു.

ആധുനികതാസാഹിത്യത്തിന്റെ മുഖ്യവക്താവും പ്രയോക്താവും ആയിരുന്ന എം മുകുന്ദന്റെയും പ്രസിദ്ധ രചനയായ, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിലെ കേന്ദ്ര കഥാപാത്രമായ ദാസനിൽ സ്വത്വപ്രതിസന്ധിയുടെ തലങ്ങൾ എങ്ങനെയൊക്കെ ആവിഷ്കരിച്ചിരിക്കുന്നു എന്ന അന്വേഷണമാണ് ഈ പഠനത്തിലൂടെ നടത്തിയിരിക്കുന്നത്.

**സൂചിക**:: അസ്തിത്വവാദം, സ്വത്വപ്രതിസന്ധി, ശാസ്ത്രീയ ചിന്തകളുടെ വ്യാപനം, ആധുനികത.

1960 കളോടെ ഉടലെടുത്ത പ്രസ്ഥാനമാണ് ആധുനികത പ്രസ്ഥാനം അത് നോവൽ സാഹിത്യ ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവായി മാറിയെന്നു പറയാം ഇംഗ്ലീഷിൽ മോഡേണിറ്റി മോഡേണിസം എന്നും ഉപയോഗിക്കുന്നുമലയാളത്തിൽ അതിനെ ആധുനികത എന്നും പ്രയോഗിക്കുന്നു പക്ഷേ മോഡേണിസവും മോഡേണിറ്റിയും ഒന്നല്ല എന്ന് എം. മുകുന്ദൻ 'എന്താണ് ആധുനികത' എന്ന തൻ്റെ പുസ്തകത്തിൽ നിർവചിച്ചിരിക്കുന്നു.

" മോഡേണിസം എന്നത് ആധുനികതയുടെ വിദൂരധ്വനി മാത്രമാണ് പലപ്പോഴും അത് നവീനത മാത്രമാണ് .ആത്മീയ ദുഃഖം അനുഭവിക്കുന്നവരുടെയോ നിഷേധികളുടെയോ ക്ഷോഭിക്കുന്നവരുടെയോ മൊഴിയല്ല മോഡേണിസം അത് ഉപരിപ്ലവപരമാണ് മറിച്ച് മോഡേണിറ്റി ഉപരിപ്ലവമല്ല മരണം വ്യർത്ഥമാക്കിയ ജീവിതത്തിന് നേരെ പുതിയ മനുഷ്യൻ കൈ കൊണ്ട ജീവിത വീക്ഷണമാണത് . നിഷേധികളുടെയും ക്ഷോഭിക്കുന്നവരുടെയും മൊഴിയാണ് ആധുനികത.

സാഹിത്യത്തിലെ ആധുനികതയെ സൂചിപ്പിക്കാൻ ആധുനികതാവാദം എന്ന പദമാണ് ഇന്ന് പല വിമർശകരും ഉപയോഗിക്കുന്നത്. കൃത്യമായി പറഞ്ഞാൽ സാമൂഹിക ചിന്തകൾക്കിടയിൽ വലിയ സംവാദങ്ങൾക്ക് ഭൂമികയൊരുക്കുന്ന സങ്കല്പമായി മാറിയിട്ടുണ്ട് ആധുനികത അഥവാ മോഡേണിറ്റി . വൈഷണിക സംവാദങ്ങളിൽ ഒരേസമയം പല അർത്ഥസൂചനകൾ - ചിലപ്പോൾ പരസ്പരവിരുദ്ധം പോലെയുള്ളവ ഉൾക്കൊള്ളുന്നതാണ് ഈ സങ്കല്പം. ഒറ്റനോട്ടത്തിൽ താരതമ്യേന ലളിതമായ വിവക്ഷയെ ആധുനികത എന്ന വാക്കിനുള്ളു. പരമ്പരാഗത മൂല്യങ്ങൾക്ക് എതിരായി നിൽക്കുന്ന പുതിയ മൂല്യങ്ങൾ എന്നതാണ് ആ വിവക്ഷ. ആധുനിക വിമർശനത്തിന്റെ പിൻബലം ഇല്ലാത്ത ആധുനിക വാദത്തെ കുറിച്ച്,മോഡേണിസത്തെ കുറിച്ച് നമ്മുക്കിന്ന് സൂചിപ്പിക്കാൻ കഴിയില്ല ആധുനികതയിൽ സംഭവിക്കുന്നത് ഭൗതികദാർശനിക സവിശേഷതകളുടെ ഒരു ഒത്തുചേരലാണ് അതാണ് ആധുനികതാവാദം കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ സാഹിത്യത്തിലേക്ക് നീണ്ടു ചെല്ലുന്ന ആധുനികതയുടെ കൂർത്ത മുനയാണിത്.

ആധുനികതയുടെ പ്രവണതകൾ മലയാളനോവലിൽ

ആധുനികതയുടെ കടന്നു കയറ്റത്തോടെ മലയാളം നോവൽ സാഹിത്യത്തിൽ ഒരുപാട് മാറ്റങ്ങൾ വരുത്തി. ജീവിതപ്രശ്നങ്ങളെ കൈകാര്യം ചെയ്തിരുന്ന മുൻ തലമുറ എഴുത്തുകാരിൽ നിന്ന് വ്യത്യസ്തമായി അവർ അസ്തിത്വദുഃഖം , നിഷേധാത്മകത, ജീവിതത്തെ സംബന്ധിച്ച അപചയബോധം

,അന്യവൽക്കരണം ,പാരമ്പര്യനിഷേധം ഇതെല്ലാം അവരുടെ മുഖമുദ്രകളായിതീർന്നു. , കാമു ,സാർത്ര് തുടങ്ങിയ പടിഞ്ഞാറൻ ചിന്തകളുടെ ദർശനങ്ങൾ ഇവർക്ക് വഴിത്തിരിവായി.അതുപോലെ തന്നെ രാഷ്ട്രീയഅപചയങ്ങളും ലൈംഗിക ജീർണ്ണതകളുമൊക്കെ പച്ചയായി ആവിഷ്കരിക്കാൻ അവർ തയ്യാറായി. വിശ്വാസതകർച്ച , മരണാഭിമുഖ്യം, പകപോക്കലാണ് ജീവിതം എന്ന വിശ്വാസം, വ്യർത്ഥതാബോധം തുടങ്ങിയവയൊക്കെ ആധുനികതയുടെ അടയാളമായി അവർ ഉയർത്തിക്കാട്ടി.

സ്വത്വാന്വേഷണത്വരയാണ് തങ്ങളെ ഭരിക്കുന്നതെന്ന പ്രഖ്യാപനവുമായി രംഗത്തുവന്ന ഇവർ ജീവിതത്തിൻറെ അഴുക്കുചാലുകളിൽ ജീവിത വസന്തം കണ്ടെത്തുന്നതായി ആക്ഷേപമുയർന്നു. പക്ഷേ ചെറുപ്പക്കാരനായ വായനക്കാരിൽ സംവേദനത്തിന്റെ പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കാൻ ഇവർക്ക് കഴിഞ്ഞു . ഒരു വ്യാഴവട്ടമെങ്കിലും ഇത് മലയാളസാഹിത്യത്തിൽ വേരു പിടിച്ചുനിന്നുവെങ്കിലും തുടക്കത്തിൽ ഇവരുടെ ശക്തി ഇല്ലാതായി . എങ്കിലും അവരുടെ സർഗചൈതന്യം മലയാള സാഹിത്യത്തിന്റെ വളർച്ചയിലെ അധിപ്രധാന ഘടകം തന്നെ. നവീനമായ സാഹിത്യ ബോധത്തിന്റെ വൈകാരികവും സൗന്ദര്യമാത്മകമായ ഒരു പാത അവർ തുറന്നിട്ടു. മലയാള സാഹിത്യത്തിന്റെ ഒരു നാഴികകല്ലായി തീർന്നു ഈ കാലഘട്ടം.

'ആധുനികതയുടെ ആവിർഭാവത്തിതന് മുൻപുള്ള നോവലിസ്റ്റുകൾ പൊതുവ രണ്ട് സമീ പനങ്ങൾ അവലംബിക്കുന്നു ഒന്ന് മനശാസ്ത്രപരം മറ്റൊന്ന് ആശയപരം യഥാർത്ഥമായ കഥകൾ പറഞ്ഞു തീർക്കാൻ താല്പര്യം പുലർത്തിയ കാലങ്ങളിൽ ആശയപരമായ സമീപനത്തിന് പ്രാധാന്യം ലഭിച്ചു.ഉറൂബിനും മറ്റും മനോവിശകലനത്തിനായി രുന്നു താല്പര്യം എന്നാൽ സ്വന്തം കഥാപാത്രങ്ങൾ ഏതായിരിക്കണം എന്തായിരിക്കണം എങ്ങനെ പെരുമാറണം എന്നൊക്കെ നിർണയിക്കാൻ കഴിയാത്ത പ്രതിസന്ധിയിലാണ് തങ്ങൾ എന്നാണ് ആധുനികരുടെ ഭാവം.

1974 ൽപ്രസിദ്ധീകരിച്ച മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവൽ എം മുകുന്ദൻറെ കൃതികളിലും ആധുനികതയിലും പല കാരണങ്ങളാൽ ഒറ്റപ്പെട്ടു നിൽക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് സമാന്തരമായി നടന്ന മയ്യഴിയിലെ ഫ്രഞ്ച് വിരുദ്ധ പോരാട്ടമാണ് ഈ രചനയുടെ കേന്ദ്ര പ്രമേയം. മുകുന്ദൻ ഈ നോവൽ എഴുതിയത് മയ്യഴി വിമോചനം കഴിഞ്ഞ് 20 വർഷത്തിന് ശേഷമാണ്.ഈനോവലിന്റെ രംഗപ്രവേശത്തോടുകൂടിയാണ് മയ്യഴിയെ പറ്റി സമൂഹം കൂടുതൽ അറിഞ്ഞു തുടങ്ങിയത്. ആധുനിക സാഹിത്യത്തിൻറെ

ഭൂമികയിൽ നിന്നുകൊണ്ടാണ് മയ്യഴിയിലെ കഥാപാത്രങ്ങളെ രൂപപ്പെടുത്തിയിരിക്കുന്നത് ഈ നോവലിലെ സാമൂഹിക രാഷ്ട്രീയ ഘടകങ്ങളെ ആധുനിക കാഴ്ചപ്പാടിൽ ആവിഷ്കരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു ആധുനികതയുടെ കാലയളവിനെ രാഷ്ട്രീയ നോവലുകളുടെ ഇടയിലും മയ്യഴിക്ക് സ്ഥാനമുണ്ട് . അധിനിവേശത്തിന്റെ രാഷ്ട്രീയം മുഖ്യപ്രമേയം ആകുന്ന ആധുനിക നോവലും ഇതാണ്. ഫ്രഞ്ച് മയ്യഴിയുടെ സാമൂഹിക ജീവിതമായും മയ്യഴിയുടെ സ്വാതന്ത്ര്യം പ്രക്ഷേപണ സംരംഭങ്ങളുമായി ബന്ധപ്പെട്ട നിൽക്കുന്ന പശ്ചാത്തലമാണ് ഈ നോവലിൽ ഉള്ളത് ഫ്രഞ്ച് ഭരണ പ്രതിനിധികൾ വിദേശീയരും സ്വദേശികമായ ഉദ്യോഗസ്ഥർ ശങ്കര വർഗ്ഗക്കാർ ഫ്രഞ്ച് ജീവിതശൈലി അനുകരിക്കാൻ ശ്രമിക്കുന്നവരും അല്ലാത്തവരുമായ തദ്ദേശവാസികൾ എന്നിവർ ചേർന്നാണ് മയ്യഴി സമൂഹം.ആധുനികതയുടെ തീവ്രത മലയാളത്തിൽ ശക്തമായിരുന്ന കാലയളവിലാണ് ഈ നോവലിൻറെ രംഗപ്രവേശം .

ആധുനികതയുടെമുഖ്യപ്രമേയമായ അസ്തിത്വവാദത്തോട് ചേർത്തുനിർത്തിയെ മയ്യഴിയെ നമ്മുക്ക് കാണാനാവൂ. ഈ നോവലിലെ മുഖ്യപ്രമേയമായ ദാസൻറെ സ്വത്വാന്വേഷണത്തിന്റെയും ജീവിത പരിണാമത്തിന്റെയും കഥയായി ഈ നോവൽ മാറി.

ഈ നോവലിലെ കേന്ദ്ര കഥാപാത്രമാണ് ദാസൻ .ദാസനും ചന്ദ്രികയും തമ്മിലുള്ള പ്രണയം ഈ നോവലിനെ പ്രധാന കഥാതന്തുവാണ് മയ്യഴിയിലെ ഫ്രഞ്ചുകാരുടെ വീര സാഹസിക കഥകളും മരണത്തിനും ജനനത്തിനും ഇടയിൽ ആത്മാക്കളുടെ ഇടത്താവളമായ അറബിക്കടലിലെ വെള്ളിയാങ്കല്ലിന്റെയും കഥകൾ കുറുമ്പി അമ്മയിൽ നിന്ന് നിന്നും കേട്ടാണ് അയാൾ വളർന്നത് .ദാസൻ പഠനത്തിൽ അതിസമർത്ഥനായിരുന്നു.അങ്ങനെ കുഞ്ഞനന്തൻ മാഷ് ദാസന്റെ ഗുരുവും വഴികാട്ടിയുമാകുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ദാസൻ അങ്ങനെ നിത്യസന്ദർശകനായി മാറുന്നു.

കുഞ്ഞനന്തൻ മാഷ് ദാസനെ കുറിച്ച് നോവലിൽ ഇങ്ങനെ അവതരിപ്പിക്കുന്നു. 'നിന്നെപ്പോലൊരു കുട്ടിയെ പഠിപ്പിക്കാൻ കഴിഞ്ഞ ഞാൻ ഭാഗ്യവാനാണ് നല്ലോണം പഠിക്ക്- നീ അത്ഭുതങ്ങൾ കാട്ടും.( 'മയ്യഴി പേജ് 60)

കുഞ്ഞനന്തൻ മാഷിന്റെ അഭിപ്രായത്തിൽ ദാസനെക്കാൾ കണക്കിന് മാർക്ക് വാങ്ങുന്ന കുട്ടികൾ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ അവർക്കൊക്കെ ലോകവിവരം കമ്മിയായിരുന്നു . ധാരാളം പുസ്തകം വായിക്കുന്ന ദാസന് കുഞ്ഞനന്തൻ മാഷ് പുസ്തകങ്ങൾ എടുക്കുവാൻ സഹായിക്കുകയും ചെയ്തു. അങ്ങനെ ദാസൻ ഹ്യൂഗോവിന്റെയും ബോ മാർഷേയുടെയും പുസ്തകങ്ങൾ വായിച്ചു തുടങ്ങി.

ആധുനികതയുടെ പ്രതീകമായ അന്യവൽക്കരണം ദാസന്റെ ജീവിതത്തിലും ഇടം നേടി. ബുദ്ധിമാനായ ദാസൻ മയ്യഴിയിലെ പഠനത്തിൽ ഇൻറർ മീഡിയറ്റ്പരീക്ഷയും, സർക്കാർ സഹായത്തോടെയുള്ള പോണ്ടിച്ചേരിയിലെ പഠനത്തിൽ ബക്ക ലോറയ പരീക്ഷയും നല്ല നിലയിൽ പാസായി. ഇത്രയൊക്കെയായിട്ടും അതിലൊന്നും ഉറച്ചുനിൽക്കാൻ ദാസന് കഴിയുന്നില്ല തുടർന്ന് മയ്യഴിയിൽ സർക്കാർ ജോലിയോ ഫ്രാൻസിൽ സർക്കാർ ചെലവിൽ ഉപരിപഠനം തെരഞ്ഞെടുക്കാനുള്ള അവസരവും ഉണ്ടാകുന്നു . എന്നാൽ കമ്മ്യൂണിസ്റ്റും ദേശീയവാദിയും ആയിരുന്നു കുഞ്ഞനന്തൻ മാസ്റ്ററുടെ സ്വാധീനത്താൽ ഫ്രഞ്ച് അധിനിവേശത്തിനെതിരെ പ്രവർത്തനമാരംഭിക്കുന്നു. അങ്ങനെ രാഷ്ട്രീയ സാഹചര്യത്തിന് സമാന്തരമായി നീങ്ങുമ്പോഴും ദാസനും ചന്ദ്രികയും തമ്മിലുള്ള പ്രണയവും ഒപ്പം കൊണ്ടുപോകാൻ ശ്രമിക്കുന്നു. ഈ സമയത്ത് ദാസന്റെ കുടുംബം പട്ടിണിയുടെ വക്കിലേക്ക് പോകുന്നതിന്റെ ഒരു നേർക്കാഴ്ച നോവലിൽ അവതരിപ്പിക്കുന്നുണ്ട് മുകുന്ദൻ അവതരിപ്പിക്കുന്നുണ്ട് അവിടെ ദാസന് നിസ്സഹായനായി നോക്കിനിൽക്കാനേ കഴിയുന്നുള്ളൂ അങ്ങനെ ദാസൻ കുടുംബത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നു കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം അധിനിവേശത്തിന്റെ ആണെന്ന് ഉപോൽപ്പന്നമാണെന്ന് വൈരുദ്ധ്യത്തെ തിരിച്ചറിയാൻ കുഞ്ഞനന്തൻ മാസ്റ്റർക്കും ദാസനോ കഴിയുന്നില്ല

കമ്മ്യൂണിസത്തിന്റെ ആദർശലോകം കുഞ്ഞനന്തൻ മാഷ് എന്ന കഥാപാത്രത്തിലൂടെയാണ് നോവലിലേക്ക് കടന്നുവരുന്നത് അധിനിവേശത്തോടെർത്തുന്ന മയ്യഴി ജനതയിൽ പ്രതിരോധ രാഷ്ട്രീയം വളർത്തുന്ന വ്യക്തിയായിട്ടാണ് ദാസനെ പിന്നീട് നോവലിൽ നമുക്ക് കാണാൻ കഴിയുന്നത്

കുറുമ്പി അമ്മയും ദാമു റൈറ്ററും ഭാര്യ കൗസു അമ്മയും ദാസനെ കുറിച്ച് ചിന്തിച്ചിരുന്ന പ്രതീക്ഷകൾ എല്ലാം തകിടം മറിഞ്ഞു.ദാസനെ ഇവിടെയൊക്കെ നമുക്ക് കാണാൻ കഴിയുന്നത് നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന ഒരു വ്യക്തിയായിട്ടാണ് 1948 ലെ മയ്യഴിയുടെ താൽക്കാലിക വിമോചനത്തിൽ പങ്കെടുത്ത ദാസൻ ഫ്രഞ്ച് അധികാരത്തിന്റെ പുനസ്ഥാപനത്തോടെ ഒളിവിൽ പോയപ്പോൾ റൈറ്റർക്ക് രണ്ടു വർഷത്തെ ജയിൽവാസം അനുഭവിക്കേണ്ടിവന്നു. അക്കാലത്ത് റൈറ്ററിന്റെ കുടുംബം കഴിഞ്ഞത് ഫ്രഞ്ച് ഭരണത്തിന്റെ ഗുണ്ടയായിരുന്നു അച്ചുവിൻറെ ഔദാര്യത്തിൽ ആയിരുന്നു .തൻ്റെ സഹോദരി ഗിരിജയുടെ ഭർത്താവ് ആകുന്നതും ഇദ്ദേഹം . തന്നെ. ഇവിടെയൊക്കെ ദാസന്റെ നിസ്സഹായതയാണ് നമുക്ക് കാണാൻ കഴിയുന്നത് .ദാസന് തൻ്റെ സ്വത്വം നഷ്ടപ്പെടുന്നതായി തോന്നി തുടങ്ങി. പിതാവിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കാത്തതിൽ ദാസൻ തികച്ചും പരാജയപ്പെടുന്നു

പിന്നീട് മയ്യഴിക്ക് സ്വാതന്ത്ര്യം ലഭിച്ചു.പക്ഷേസ്വാതന്ത്ര്യാനന്തരമയ്യഴിയുടെ അന്തസംഘർഷങ്ങൾ ദാസനിൽ മാത്രമല്ല സമൂഹത്തിലേക്കും പടരുന്നതായി നോവലിൽ വരച്ചു കാട്ടുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം മയ്യഴിയിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്നില്ല എന്ന് നമുക്ക് കാണാം. ശരിക്കും പറഞ്ഞാൽ അത് പുതിയ പ്രശ്നങ്ങൾക്കാണ് വഴി തുറന്നത്. തകർന്ന ജീവിതങ്ങളെയും കുടുംബങ്ങളെയും പുനർജീവിപ്പിക്കാൻ സ്വാതന്ത്ര്യത്തിന് കഴിയുമായിരുന്നില്ല എനിക്ക് രാജ്യം കിട്ടി, പക്ഷേ വീട് നഷ്ടപ്പെട്ടു എന്ന ദാസന്റെ ആത്മഗതം സ്വാതന്ത്ര്യാനന്തരമയ്യഴിയുടെ സങ്കടങ്ങളെ മുഴുവൻ ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതായിരുന്നു സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത കണാരനും പപ്പനും വാസുട്ടിയും എല്ലാം ഈ പ്രതിസന്ധിയെ നേരിട്ടവരായി നോവലിൽ കാണുന്നു. സ്വാതന്ത്ര്യം സൃഷ്ടിച്ച ബോധം ദാസന്റെ ജീവിത ദുരന്തത്തിന് കാരണമാകുന്നുണ്ട് സ്വതന്ത്ര ഭാരതത്തിലെ രാഷ്ട്രീയ തകർച്ചയുടെ ഭാഗമായും അസ്തിത്വവാദം യുവജനങ്ങളിൽ പടർന്നു പിടിച്ചതിന് ഉദാഹരണം ആയിട്ടാണ് മുകുന്ദൻ ദാസനെ അവതരിപ്പിച്ചിരിക്കുന്നത്. നോവലിന്റെ അവസാനത്തിൽ താൻ എന്ത് നേടിയെന്ന് ഒരു ചോദ്യം അവനിൽ നിന്നും ഉയർന്നു തന്റെ പ്രസ്ഥാനം തന്നെ പുറന്തള്ളിയപ്പോഴൊക്കെ അവിടെ ഒരു വിശ്വാസ തകർച്ച ആണ് സംഭവിച്ചത്

.സ്വാതന്ത്ര്യാനന്തര ഇന്ത്യൻ യുവത്വത്തിന്റെ നിരാശാബോധവും ജീവിത തകർച്ചയും മുകുന്ദന്റെ മറ്റു നോവലുകളിലൊക്കെ കാണുന്നതുപോലെ ദാസനിലൂടെ ഈ നോവലിലും നിർവഹിച്ചിരിക്കുന്നു

മയ്യഴിയുടെ വിമോചനത്തിനുശേഷം ദാസന് അഭിമുഖീകരിക്കേണ്ടിവരുന്ന വ്യക്തിപരമായ ഏകാന്തതയാണ് അയാളുടെ പ്രണയത്തിന് ആഴവും പരപ്പും നൽകുന്നത് .പെണ്ണ് പ്രണയത്തിൻറെ വൈകാരികതയിലൂടെ വ്യതിചലിക്കുമ്പോഴും പൗരുഷത്തോടെയും പ്രണയത്തെ പ്രായോഗികമാക്കുന്ന കർമ്മപരിപാടികൾ അവലംബിക്കാൻ ദാസന് കഴിയുന്നില്ല അതുതന്നെയാണ് തൻറെ പ്രണയത്തെ ദുരന്തമുഖത്ത് എത്തിക്കുന്നത് ഒടുവിൽ ചന്ദ്രികക്ക് വേണ്ടി അവളുടെ വീട്ടുകാർ മറ്റൊരു വിവാഹമാലോചിക്കുമ്പോഴും ശക്തമായി അതിനെ എതിർക്കാൻ ദാസന് കഴിയുന്നില്ല .കാരണം തനിക്ക് ഒരു വീടില്ല കുടുംബമില്ല അവിടെ നിന്നൊക്കെ ആട്ടി പുറത്താക്കപ്പെട്ട ഒരു വ്യക്തിയായിട്ടാണ് ദാസൻ അവിടെ പ്രത്യക്ഷപ്പെടുന്നത് അന്യതാബോധം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത് സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്ന ദാസനെയാണ് നാം കാണുന്നത് ചന്ദ്രികയില്ലാതെ തൻറെ അസ്തിത്വം പൂർണ്ണമാകില്ലെന്ന് വിശ്വസിച്ച ദാസനെ ഒരു പാതിരാവിൽ ചന്ദ്രികയുടെ

മുറിയിൽ നിന്നും അവളുടെ അച്ഛൻ ഇറക്കി വിടേണ്ടിവന്ന ഒരു സാഹചര്യം നേരിട്ടപ്പോൾ തന്റെ ഇതുവരെയുള്ള എല്ലാ ആദർശങ്ങളും ചോദ്യം ചെയ്യപ്പെടുന്നതുപോലെ ദാസന് തോന്നുന്നു.

ദാസന്റെ പ്രണയത്തിൻറെ പ്രതിസന്ധിഘട്ടങ്ങളിൽ പ്രസ്ഥാനമോ സുഹൃത്തുക്കളോ കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല എന്നുള്ളതും അദ്ദേഹത്തിന്റെ സ്വത്വബോധത്തെ ഉണർത്തുന്നു മയ്യഴിയിൽ പ്രണയം വ്യക്തിയുടെ അസ്ഥിത്വത്തിന്റെ സാധ്യത മാത്രമായി നിലകൊള്ളുന്നു എന്ന് പറയാം. പക്ഷേ അതിൻറെ ആവിഷ്കാരപ്രയോഗങ്ങൾ അധിനിവേശ പ്രത്യയശാസ്ത്രത്തിൽ സ്വാധീനിക്കപ്പെടുന്നു.

അസ്തിത്വം നഷ്ടപ്പെട്ട ദാസൻ നോവലിൻറെ അവസാനത്തിൽ പ്രകൃതിയുടെ അപാരതയിലേക്ക് ചന്ദ്രികയുടെ അടുക്കലേക്ക് പോകുന്നു.അതായത് വെള്ളിയാങ്കല്ലിലേക്ക് ദാസനെ സംബന്ധിച്ച് വെള്ളിയാങ്കല്ല് പ്രണയത്തിന്റെയും രതിയുടെയും അസ്തിത്വത്തിന്റെ പ്രതിരൂപമായിട്ടാണ് നിലകൊള്ളുന്നത്.

എനിക്കൊരു അത്താണി വേണം ദാസൻ സ്വയം പറയും ; ഭാരമൊന്നിറക്കി വയ്ക്കാൻ ഈ ജീവിതത്തിലെ അയാളുടെ വെള്ളിയാങ്കല്ലായിരുന്നു ചന്ദ്രിക.അവളിൽ അയാൾ വിശ്രമം കണ്ടെത്തുന്നു. ചന്ദ്രികയുടെ വിവാഹ ദിവസം ഭരതൻ പണിത ബംഗ്ലാവിൽ നിന്ന് തിരോധാനം ചെയ്യുന്ന ചന്ദ്രിയെ മയ്യഴിയിലെ ആർക്കും പിന്നീട് കണ്ടെത്താൻ കഴിഞ്ഞില്ല. അന്തിമ വിശ്രമ സ്ഥാനമായ വെള്ളിയാങ്കലിൽ ചന്ദ്രികയെത്തിയെന്ന് ദാസൻ .തിരിച്ചറിയുന്നു. അങ്ങനെ ദാസന് മാത്രം പരിചയമുള്ള അയാളുടെ കണ്ണുകൾക്ക് മാത്രം കാണാൻ കഴിയുന്ന ഒരു ലോകത്തിലാണ് അവൾ ആത്മാവുകൾ തുമ്പികളെ പോലെ പാറി നടക്കുന്ന വെള്ളിയാങ്കലിൽ

ആധുനിക നോവലുകളുടെ സവിശേഷതയായ മരണാഭിമുഖ്യമാണ് ദാസനിലൂടെ പിന്നീട് മുകുന്ദൻ ആവിഷ്കരിച്ചിരിക്കുന്നത്. ചന്ദ്രികയെ വെള്ളിയാങ്കലിലെ തുമ്പിയോട് സമന്വയിപ്പിക്കുക വഴി അവളുടെ പ്രണയത്തിന് അനശ്വരത നൽകാൻ നോവലിസ്റ്റിന് കഴിഞ്ഞു.ആധുനികതയിലെ നിഗൂഢ സൗന്ദര്യം നിറഞ്ഞ സ്ത്രീ മാതൃകയായി ചന്ദ്രികഅടയാളപ്പെടുത്തുന്നു.

ലെസ്ളി സായ് വിന്റെ മകനായ ഗ സ്തോൻ സായ്വിന്റെ ജീവിത ദുരന്തവും ദാസന്റെ ജീവിത പരിണാമത്തോട് സമാനതകൾ പുലർത്തുന്നുണ്ട്. ദാസന് മുമ്പ് മയ്യഴിയിൽ അതി ബുദ്ധിശാലിയായ ഒരാൾ ഗസ്തോനാണ് സങ്കര വർഗ്ഗക്കാരനായ അയാളുടെ പതനത്തിന് വഴിയൊരുക്കുന്നത് ഗസ്തോൻസായ് വിന്റെ ഷണ്ഡത്വമാണ് അയാളുടെ പതനത്തിന് വഴിയൊരുക്കുന്നത്.മയ്യഴിയിലെ കൊളോണിയൽ പരിസരം ദാസനിൽ സൃഷ്ടിച്ച

ദ്വന്ദ്വവ്യക്തിത്വം അയാളെയും പ്രതിസന്ധിയിൽ ആക്കുന്നു. പിതാവിൻറെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ദാസൻ രാജയപ്പെടുന്നു. പിതാവിനോടുള്ള കലഹം ദാസനെ മാനസിക ഷണ്ഡത്തിലേക്ക് നയിക്കുന്നു. പ്രണയത്തിലും രാഷ്ട്രീയത്തിലും ഒന്നും പിന്നീട് ദാസന് മുന്നേറാൻ കഴിയുന്നില്ല

വ്യക്തിയും സമൂഹവും തമ്മിലുള്ള ഉരസലിൽ ഓരോ നിമിഷവും തേഞ്ഞു തീരുന്നു. സ്വപ്നം നഷ്ടപ്പെടുന്ന ദാസന് അവനവനോട് തന്നെ സന്ധി ചെയ്യാൻ പറ്റാതെ വരുന്നു. അങ്ങനെ സ്വത്വപരമായ പ്രതിസന്ധിയായി മാറുന്നു.

**സഹായകഗ്രന്ഥങ്ങൾ**:

1.മയ്യഴിപ്പുഴയുടെ തീരങ്ങളിൽ(1992)-എം. മുകുന്ദൻ

2. ആധുനിക മലയാളസാഹത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ(1998)- കെ. എം .ജോർജ്ജ്

3. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ ( 2006) - പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള